**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പരപ്പനങ്ങാടി ഉപജില്ല കേരള സ്കൂൾ കലോത്സവം - ഉപജില്ല പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3813/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 27/11/2017

---

പരാമർശം:- 1. പരപ്പനങ്ങാടി ഉപജില്ലാ കേരള സ്കൂൾ കലോത്സവം സ്വാഗതസംഘം ജനറൽ കൺവീനറുടെ 10/11/2017 ലെ കത്ത്.

2. 16/02/2006. ലെ സ.ഉ.(സാധാ)58/06/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരപ്പനങ്ങാടി ഉപജില്ലാ സ്കൂൾ കലോത്സവം 2017 നവംബർ 20,21,22 തീയതികളിലായി അരിയല്ലൂർ എം.വി.എച്ച്.എസ്.എസ്-ൽ വെച്ച് നടക്കുകയാണെന്നും, ടി മേളയുടെ സംഘാടന ചെലവുകൾക്ക് പരപ്പനങ്ങാടി ഉപജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും 50000/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (1)ലെ കത്ത് പ്രകാരം പരപ്പനങ്ങാടി ഉപജില്ലാ കേരള സ്കൂൾ കലോത്സവം സ്വാഗതസംഘം ജനറൽ കൺവീനർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 നവംബർ 20,21,22 തീയതികളിലായി അരിയല്ലൂർ എം.വി.എച്ച്.എസ്.എസ്-ൽ വെച്ച് നടക്കുന്ന പരപ്പനങ്ങാടി ഉപജില്ല സ്കൂൾ കലോത്സവത്തിന്റെ സംഘാടന ചെലവുകൾക്കായി പരപ്പനങ്ങാടി ഉപജില്ലയിലെ വള്ളിക്കുന്ന്, മൂന്നിയൂർ, ചേലേമ്പ്ര പഞ്ചായത്തുകളിൽ നിന്ന് 10,000/- (പതിനായിരം) രൂപ വീതവും പരപ്പനങ്ങാടി, തിരൂരങ്ങാടി നഗരസഭകളിൽ നിന്ന് 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരപ്പനങ്ങാടി ഉപജില്ല സ്കൂൾ കലോത്സവ സ്വാഗത സംഘം ജനറൽ കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പരപ്പനങ്ങാടി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ